# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)


വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in


## <u>സാന്നിദ്ധ്യം</u>

**സാജമ്മ. ജെ. പുന്നൂർ : അദ്ധ്യക്ഷ**

**ഫ്രാൻസിസ്. എ. സി : അംഗം**

<u>ഒ.പി. നം. **22/2024-25**</u>

**<u>പരാതിക്കാരൻ :</u>**

1. **ശ്രീ. പ്രവീസ്. എം. ഇ, രുക്സാന ബിൽഡിംഗ്, റെയിൽവേ ഗേറ്റിനു സമീപം, പടന്നക്കാട് കാസർക്കോട്–671 314.**

**<u>എതിർകക്ഷികൾ :</u>**

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ,**

   **കാഞ്ഞങ്ങാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോട്– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,**

   **പടന്നക്കാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോട്– ജില്ല.**

# ഉത്തരവ്

## പരാതി:-

പരാതിക്കാരൻ പടന്നക്കാട് സെക്ഷനിലെ കൺസ്യൂമർ നമ്പർ 116804300127 ലെ ഉപഭോക്താവാണ്. കെട്ടിടത്തിന്റെ ഉടമസ്ഥയായ ശ്രീമതി. സൈനബ. ടിയുടെ പക്കൽ നിന്നും പരാതിക്കാരൻ വാടകയ്ക്ക് എടുത്ത മുറികളിൽ കച്ചവടം നടത്തുന്നതിനുവേണ്ടിയാണ് ടി. വൈദ്യുതി കണക്ഷൻ ഉപയോഗിക്കുന്നത്. ടി സർവ്വീസ് കണക്ഷനിലെ 2008 വർഷത്തിൽ ഉള്ള 1,539/- രൂപയുടെ കുടിശ്ശിക പലിശസഹിതം അടവാക്കണമെന്ന് എതിർകക്ഷി പരാതിക്കാരനോട് ആവശ്യപ്പെട്ടു. പരാതിക്കാരൻ വാടകയ്ക്ക് ഏൽക്കുന്നതിനും വളരെ മുൻപേയുള്ള കുടിശ്ശികയാണ് ഇതെന്നും പരാതിക്കാരന് ആയതുമായി ഒരറിവും ഇല്ലെന്നും ആയതിനാൽ കുടിശ്ശിക തുക ഒഴിവാക്കിതരണമെന്നും പരാതിക്കാരൻ അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ വിശദീകരണം:-

പടന്നക്കാട് കെ. എസ്. ഇ. ബി പരിധിയിൽപെടുന്ന ഒരു ഉപഭോക്താവാണ് പരാതിക്കാരൻ. ടിയാൻ കച്ചവടം ചെയ്യുന്ന സ്ഥാപനത്തിൽ 2008 വർഷത്തിൽ ഉള്ള ഒരു പഴയ കുടിശ്ശിക ഇപ്പോൾ ആണ് വന്നിരിക്കുന്നത്. ടിയാന് ഈ കുടിശ്ശികതുകയുമായി യാതൊരു ബന്ധവുമില്ലെന്നും, ഇപ്പോൾ ആ ബിൽഡിംഗിൽ വേസ്റ്റ് പേപ്പർ കച്ചവടം ചെയ്യുകയാണെന്നും, വലിയ പ്രതിസന്ധിയിലാണെന്നും പരാതിക്കാരൻ അറിയിക്കുന്നു. ആയതിനാൽ ടി കുടിശ്ശികയും അതിന്റെ പലിശയും ഒഴിവാക്കിതരണമെന്ന് പരാതിക്കാരൻ അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരന് 15-09-2003 ൽ നീലേശ്വരം സെക്ഷനിൽ നിന്നും 21280 എന്ന കൺ സ്യൂമർ നമ്പറിൽ വാണിജ്യാവശ്യത്തിനായി ഒരു സിംഗിൾ ഫേസ് വൈദ്യുതി കണക്ഷൻ നൽ കിയിരുന്നെന്നും പിന്നീട് പടന്നക്കാട് സെക്ഷൻ നിലവിൽ വന്നപ്പോൾ ടിയാന്റെ കണക്ഷൻ 1168043000127 എന്ന കൺസ്യൂമർ നമ്പറിൽ പടന്നക്കാട് സെക്ഷനിലേക്ക് മൈഗ്രേറ്റ് ചെയ്യുകയുമുണ്ടായി. 09-08-2008 ൽ നീലേശ്വരം സെക്ഷനിൽ 1,539/- രൂപയുടെ ഒരു റഗുലർ കറന്റ് ചാർജിന്റെ ബില്ല്, ബില്ലിംഗ് സോഫ്റ്റ് വേറിൽ ഡിസ്പ്യൂട്ട് ബില്ലായി രേഖപ്പെടുത്തിയിരുന്നെന്നും, പിന്നീട് 30-11-2014 ന് പടന്നക്കാട് സെക്ഷനിൽ വച്ച് അപ്രൂവ്

ചെയ്യുകയും വീണ്ടും ഡിസ്പ്യൂട്ട് ബില്ലായി പരിഗണിക്കുകയും ചെയ്യുവെന്നും, ടി ബില്ല് 2019 ലെ ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരാതിക്കാരനെ അറിയിച്ചിട്ടുണ്ട് എന്നും, തുടർന്ന് 2022 ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി നോട്ടീസ് നൽകിയപ്പോൾ ടി തുക ഒഴിവാക്കുകയോ/തീർപ്പാക്കുകയോ ചെയ്തിട്ടുള്ളതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറെ പരാതിക്കാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 05-04-2022 ൽ ഈ തുക എഴുതിതള്ളുന്നതിനുവേണ്ടി കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എതിർകക്ഷി അറിയിക്കുന്നു. പിന്നീട് 2023 ലെ ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ടി ബിൽ ഡിസ്പ്യൂട്ട് സ്റ്റാറ്റസിൽ നിന്നൊഴിവാക്കുകയും കുടിശ്ശിക അടച്ചുതീർക്കാൻ പരാതിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ വൈദ്യുതി വിച്ഛേദിക്കുന്ന നടപടി എടുത്തിട്ടില്ലെന്നും ഈ ബില്ലൊഴികെയുള്ള മറ്റെല്ലാ ബില്ലുകളും പരാതിക്കാരൻ അടവാക്കുന്നുണ്ടെന്നും എതിർകക്ഷി അറിയിക്കുന്നു. ടി ബില്ലുമായി ബന്ധപ്പെട്ട് ഒരുമ സോഫ്റ്റ് വേറിൽ പരിശോധിച്ചപ്പോൾ ബിൽ നമ്പർ 14788 തിയ്യതി 09-08-2008 ആയി 1,539/- രൂപയുടെ പ്രിസിസ്റ്റം ബില്ല് ഡിസ്പ്യൂട്ടിൽ ഉള്ളതായി കൺസ്യൂമർ നമ്പർ 21280 (പഴയത്) ന്റെ പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ജ്യോതി ഇൻവോയ്സ് ഹിസ്റ്ററി പരിശോധിച്ചതിൽ 09-08-2008 ന് തന്നെ ബിൽ നമ്പർ E66960013512 ആയി 328/- രൂപയുടെ ഒരു ബില്ല് പഴയ സിസ്റ്റം പ്രകാരം നൽകിയിട്ടുള്ളതാണെന്നും, മേൽതുക ഉപഭോക്താവ് 05-09-2008 ൽ രശീതി നമ്പർ 66960509080301 ആയി നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ അടച്ചിട്ടുള്ളതാണെന്നും, ജ്യോതി അമൻമെന്റ് ഹിസ്റ്ററി (ബില്ലിംഗ് സോഫ്റ്റ് വേയർ) പരിശോധിച്ചതിൽ 11-10-2008 ൽ മീറ്റർ മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും കണ്ടെത്തുകയുണ്ടായി.

<u>അവലോകനവും കണ്ടെത്തലും</u>:-

ഈ കേസിന്റെ വിചാരണ 24-08-2024 ന് തലശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

ശ്രീമതി. സൈനബ. ടി യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ കൺസ്യൂമർ നമ്പർ 1168043000127 എന്ന സർവ്വീസ് കണക്ഷനിലുള്ള മുറികൾ വാടകയ്ക്ക് എടുത്ത് കച്ചവടം

നടത്തുകയാണ് പരാതിക്കാരൻ. 15-09-2003 ൽ വാണിജ്യാവശ്യത്തിനായി നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും എതിർകക്ഷി നൽകിയിട്ടുള്ളതാണ് ടി കണക്ഷൻ എന്നാൽ 24-10-2014 ൽ നീലേശ്വരം സെക്ഷൻ വിഭജിച്ച് പടന്നക്കാട് സെക്ഷൻ നിലവിൽ വന്നപ്പോൾ പരാതിക്കാരന്റെ ടി കണക്ഷനും 1168043000127 എന്ന കൺസ്യൂമർ നമ്പറായി പടന്നക്കാട് സെക്ഷനിലേക്ക് മാറ്റപ്പെട്ടു.

09-08-2008 ൽ നീലേശ്വരം സെക്ഷനിൽ വച്ച് 1,538/- രൂപയുടെ ഒരു റഗുലർ കറന്റ് ചാർജ്ജ് ബില്ല് ടി കൺസ്യൂമർ നമ്പറിൽ അപ്രൂവൽ ചെയ്യാതെ ഡിസ്പ്യൂട്ട് ബില്ലായി സോഫ്റ്റ് വേറിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പിന്നീട് 30-11-2014 ലാണ് ഈ ബില്ല് പടന്നക്കാട് സെക്ഷനിൽ വച്ച്  അപ്രൂവ് ചെയ്തതെന്നും വീണ്ടും ആയത്  ഡിസ്പ്യൂട്ട് ബില്ലിൽ ചേർത്തെന്നും എതിർകക്ഷി അറിയിക്കുന്നു. 2019, 2022, 2023 വർഷങ്ങളിലെ ഒറ്റ തവണ തീർപ്പാക്കലിന്റെ ഭാഗമായി കുടിശ്ശിക തുക അടച്ചുതീർക്കുന്നതിന് പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നു എന്ന് എതിർകക്ഷി അറിയിക്കുന്നു.

09-08-2008 ൽ 'first due' ആയ 1539/-രൂപയുടെ ബില്ല് അപ്രൂവ് ചെയ്യുകയോ നോട്ടീസ് നൽകുകയോ ചെയ്യാതെ 2014 വരെ ഡിസ്പ്യൂട്ട് ബില്ലായി തുടരുകയും 2014 ൽ അപ്രൂവ് ചെയ്തതെങ്കിലും 2019 വരെ വീണ്ടും ഡിസ്പ്യൂട്ട് ബില്ലായി തുടർന്ന് 2019 ലാണ് പരാതിക്കാരന് ആദ്യമായി നോട്ടീസ് നൽകിയിട്ടുള്ളത്. 1539/- രൂപയുടെ ബില്ല് 'first due' ആയിരുന്നത് 09-08-2008 ൽ ആണെന്ന് ഫോറം മനസ്സിലാക്കുന്നു. ആയത് വസൂലാക്കാനുള്ള ഒരു നടപടിയും ഏകദേശം 11 വർഷത്തേക്ക് എടുക്കാതെയും 'arrear' തുകയായി ബില്ലിൽ രേഖപ്പെടുത്താതെയും 11 വർഷത്തിനുശേഷം എതിർകക്ഷി എടുത്ത നടപടി ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 56(2) പ്രകാരവും കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 136(3) പ്രകാരവും നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

കൂടാതെ 09-08-2008 ൽ 1569/-രൂപയുടെ ബില്ല് ഡിസ്പ്യൂട്ട് ആക്കിയതിനുശേഷം 328/-രൂപയുടെ ഒരു ബില്ല് പരാതിക്കാരന് നൽകുകയും ആയത് അടവാക്കുകയും ചെയ്തിട്ടുണ്ട് എന്നും 11-10-2008 ൽ മീറ്റർ മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും എതിർകക്ഷി അറിയിക്കുന്നു. ആയതിൽ നിന്നും പരാതിക്കാരൻ അടവാക്കേണ്ടിയിരുന്ന തുക അടവാക്കിയിട്ടുണ്ടെന്നും ഡിസ്പ്യൂട്ടിൽ ആക്കിയതുക പിൻവലിക്കേണ്ടതോ അടവാക്കേണ്ടതോ എന്ന്  തീരുമാനിച്ച് പിന്നീട് നടപടി എടുക്കേണ്ടതുമായി രുന്നു എന്ന് ഫോറം മനസ്സിലാക്കുന്നു.

09-08-2008 ൽ 'first due' ആയ ബില്ല് 11 വർഷത്തോളം ഒരു നടപടിയും എടുക്കാതിരുന്നതിനാൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 56(2) പ്രകാരവും കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 136(3) പ്രകാരവും ടി കുടിശ്ശികതുക ഈടാക്കുവാൻ എതിർകക്ഷിക്ക് നിയമപരമായി അധികാരം ഇല്ലാത്തതാകുന്നു എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

**<u>തീരുമാനം</u>:-**

- പരാതിക്കാരന്റെ കൺസ്യൂമർ നമ്പറിൽ 09-08-2018 ൽ എതിർകക്ഷി നൽകിയ 1,539/- രൂപയുടെ ബില്ല് ഫോറം റദ്ദാക്കിയിരിക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് സെപ്റ്റംബർ മാസം 6-)0 തിയ്യതി.

*Sd/-* *Sd/-*

**ഫ്രാൻസിസ്. എ. സി,**
**അംഗം**

**സാജമ്മ. ജെ. പുന്നൂർ**
**അദ്ധ്യക്ഷ**

Endt.on CGRF-NR/OP 22/2024-25/273 06 /09/2024

<u>അയയ്ക്കുന്നത്:</u>

1. ശ്രീ. പ്രവീസ്. എം. വി,
   രുക്സാന ബിൽഡിംഗ്,
   റെയിൽവേ ഗേറ്റിനു സമീപം,
   പടന്നക്കാട്
   കാസർക്കോട്-671 314.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്കൊയറിന് സമീപം
എറണാകുളം, കേരള- 682016.
(ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   കാഞ്ഞങ്ങാട്, കാസർക്കോട്-ജില്ല.

കോപ്പി സമർപ്പിക്കുന്നത് :

ചീഫ് എൻജിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ),
കോഴിക്കോട് .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻജിനീയർ
   ഇലക്ട്രിക്കൽ സർക്കിൾ,കാസർക്കോട് ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോട്.

3. എക്സിക്യൂട്ടീവ് എൻജിനിയർ
   ഇലക്ട്രിക്കൽ ഡിവിഷൻ, കാഞ്ഞങ്ങാട്,,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോട് ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, പടന്നക്കാട്, കാസർക്കോട്ജില്ല.

Forwarded

Sd/-
**Chairperson**